# ഗവ. എച്ച് എസ്സ് എസ്സ്

# വെസ്റ്റ്കല്ലട



# സ്വപ്നക്കൂട്

## മാഗസിൻ

## 2024

# സന്ദേശം



സ്കൂൾ വിദ്യാർഥികളുടെ കലാസൃഷ്ടികൾ പ്രദര്ശിപ്പിക്കുന്നതിനുള്ള എറ്റവും ശക്തമായ ഉപാധിയാണ് വിദ്യാലയ മാഗസീൻ. വിവര വിനിമയ സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിന്റെ അടിസ്ഥാന പാഠങ്ങൾ ഉൾക്കൊണ്ട് പടിഞ്ഞാറേ കല്ലട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ സർഗ്ഗധനരായ പ്രതിഭകൾക്ക് ഇടം നല്കാൻ ലിറ്റൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ മാഗസീന് കഴിഞ്ഞിട്ടുണ്ട്. 2023 - 2024 ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ ആശംസകളും.

# എഡിറ്റോറിയൽ

കുട്ടികളുടെ തുലികത്തുമ്പിൽ നിന്നുതീർന്നുവീണ വാക്കുകളാൽ തീർത്ത കവിതയും കഥകളും ലേഖനങ്ങളുമാണ് ലിറ്റൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അറിവ് വെളിച്ചമാണ്. ആ അറിവ് എല്ലാവരെയും പ്രകാശപൂരിതമാക്കുന്നു.

എഡിറ്റേഴ്സ്
ഐറിൻ ഡി ജോൺ
ജയപ്രഭ ജെ



# പ്രാദേശിക ചരിത്ര രചന

കൊല്ലം ജില്ലയിലെ കല്ലട ഗ്രാമത്തിന് വളരെ പഴയ ഒരു പാരമ്പര്യവും പ്രകൃതി രമണീയമായ ഭൂപ്രകൃതിയുമാണ്. കൊല്ലം രാജാക്കന്മാരുടെ ആദ്യകാല ആസ്ഥാനം കല്ലടയായിരുന്നു. അന്നത്തെ കല്ലടയുടെ പേര് "ഞൽകൊണ്ട" എന്നായിരുന്നു. അന്നത്തെ കല്ലട വിഭജിച്ച് കിഴക്കേ കല്ലടയും പടിഞ്ഞാറെ കല്ലടയുമായി.

## ആമുഖം

1952-53 കാലഘട്ടത്തിൽ രൂപീകൃതമായ എന്റെ ഗ്രാമമാണ് പടിഞ്ഞാറെ കല്ലട അഥവാ വെസ്റ്റ് കല്ലട. കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ട ബ്ലോക്ക് പരിധിയിലാണ് ഈ ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഈ കൊച്ചു ഗ്രാമത്തിന്റെ വിസ്തീർണ്ണം 13.36 ചതുരശ്ര കിലോമീറ്ററാണ്. കല്ലടയറിന്റെ എക്കൽ മണ്ണ് അടിഞ്ഞു നികന്ന ഭാഗങ്ങളാണ് പടിഞ്ഞാറെ കല്ലടയിലെ താഴ്ന്ന പ്രദേശങ്ങൾ. ഈ ഗ്രാമത്തിന്റെ പടിഞ്ഞാറ് ശാസ്താംകോട്ടയും, കിഴക്ക് കിഴക്കേക്കല്ലടയും വടക്ക്.... തെക്ക് മനരോത്തുരുത്തുമാണ്. കാർഷികാവിളകൾക്ക് സമൃദ്ധമായിരുന്ന നാടാണ് പാടിഞ്ഞാറേകല്ലട.
.

## നാമോൽപത്തി

കുളത്തൂർപ്പുഴ മലനിരകളിൽ നിന്നുത്ഭവിച്ച് പുനലൂർ, പത്തനാപുരം, കുന്നത്തൂർ വഴി കല്ലടയെ സ്പർശിച്ചാണ് കല്ലടയാർ അഷ്ടമുടിക്കായലിൽ പതിക്കുന്നത്. കല്ലടയറിന് 120കി. മി നീളമുണ്ട്. കല്ലുകൾ നിറഞ്ഞ കുന്നുകൾക്കുള്ളിലാണ് ഈ പ്രദേശം. കൊട്ടുവിള, കൈതാക്കോട്ട്, പവിത്രേശ്വരം, ഉപരികുന്ന്, കോട്ടമുകൾ, കാണത്താർകുന്നം, എന്നീ കൽപ്രദേശങ്ങളുടെ ഇടയിൽ കിടക്കുന്ന സ്ഥലത്തിന് "കല്ലിട"എന്നും പേരുണ്ടായി. കാലന്തരത്തിൽ കല്ലിട കല്ലടയായി. ആ കല്ലടയാറിന്റെ കിഴക്കു പ്രദേശം കിഴക്കേക്കല്ലിടായെന്നും പാടിഞ്ഞാറുവശം പടിഞ്ഞാറേകല്ലട എന്നുമായി. പടിഞ്ഞാറെ കല്ലടയുടെ പ്രദേശമായ കോതപുരത്തിനും, ഐത്തോട്ടുവായ്ക്കും നെല്ലരാകുന്നിനും ഇടയ്ക്കായികാണുന്ന അയിത്തോട്ടുവാ ഒരുകാലത്തു അഷ്ടമുടിക്കായലിന്റെ ഭാഗമായിരുന്നു. വ്യാപാരികൾ പായ്ക്കപ്പലിൽ നങ്കുരമിടുന്ന സ്ഥലമാണ് കടക്കപ്പൽകുഴി എന്നും കാലന്തരത്തിൽ കടപ്പാക്കുഴിയെന്ന പ്രദേശം. ജലാശയത്തിന്റ നടുക്കുള്ള കൊടുംതുരുത്തും ഈ ഭാഗത്തിന്റെ ഭാഗമാണ്. 1953 ൽ ഈ വില്ലേജിൽ ആറു കരകളാണ് ഉണ്ടായിരുന്നത്. കോതേയ എന്ന നാമധേയത്തിൽ കോതപുരം, കണ്ടത്താർ (ഗ്രാമ കാര്യ വ്യവസ്ഥാപിത്തം) എന്ന പേരിൽ കണ്ടത്താർകുന്നവും ഇപ്പോഴത്തെ കണത്താർകുന്ന് വലിയപാടങ്ങളാൽ വിശാലമായ വലിയപാടവും, കോയിയ്ക്കൽ ഭാഗവും നടുഭാഗത്തെ കരയായ നടുവിലക്കരയും ആറ്റിലേക്കു വെള്ളം ഒഴിക്കുന്ന അഞ്ചു തോടുകളുടെയും വായ് എന്ന പേരിൽ അയിത തോട്ടുവയും ആയിരുന്നു ഈ പ്രദേശത്തിന്റെ മറ്റ് ഭാഗങ്ങൾ. കോയിത്തമ്പുരന്റെ താവഴിയിൽപ്പെട്ട ശ്രാവണതമ്പുരാട്ടി വാണ ശ്രാവണിപ്പുരമാണ് ഇന്നത്തെ ആവണിപുരം എന്ന സ്ഥലം. ഈ സ്ഥലങ്ങളുടെ നമോൽപത്തി പടിഞ്ഞാറേകല്ലടയുടെ ചരിത്രവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നു.

## രാഷ്ട്രീയ ചരിത്രം

പടിഞ്ഞാറെ കല്ലടയുടെ ആദ്യ ചരിത്രം കൊയിത്തമ്പുരാന്റെ താവഴിയിൽപ്പെട്ട നാടുവാഴികളായിരുന്നു ഭരിച്ചിരുന്നത്. അന്ന് അധികാരി എന്ന പേരോടുകൂടിയ ഒരു ഉദ്യോഗസ്ഥനാണ് ഭരണാചുമതല വഹിച്ചിരുന്നത്. പിന്നീട് കൊച്ചിയിലെയും തുടർന്ന് കേരളത്തിലെയും രാഷ്ട്രീയനേതാക്കന്മാരിൽ വച്ച് ഏറ്റവും ശക്തനായ നേതാവായിരുന്ന കമ്പളത്തു ശങ്കുപിള്ള 1953 ൽ ആദ്യത്തെ തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി ഉണ്ടാക്കി. അന്ന് ആറ് കരകളാണുണ്ടായിരുന്നത്. പിന്നീട് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വീണ്ടും പുതിയ കമ്മിറ്റിപഞ്ചായത്ത് ഉണ്ടാവുകയും ചിലത് കൂടിച്ചേരുകയും ചെയ്തു. പിന്നീട് രാഷ്ട്രീയ മത്സരങ്ങൾ ഉണ്ടാവുകയും ചെയ്തു. രാഷ്ട്രീയ മുന്നേറ്റത്തിന് ഉത്തമഉദാഹരണമാണ് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ദീനദയാൽ ഉപാധ്യായ ശാസ്ത്രീകരണ പുരസ്കാരം 2020-21 വർഷം നമ്മുടെ പഞ്ചായത്തിന് ലഭിച്ചത്

.

## വിദ്യാഭ്യാസം

എന്റെ ഗ്രാമമായ പടിഞ്ഞാറെകല്ലടയുടെ വിദ്യാഭ്യാസ മേഖലയിലെ ഉന്നമനത്തിനു പ്രീ-പ്രൈമറി മുതൽ പ്ലസ് ടു വരെ യുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഓരോ വർഷം കഴിയുംതോറും നമ്മുടെ ഗ്രാമത്തിന്റെ വിദ്യാലയങ്ങൾ പഠ്യവിഷയങ്ങളിലും പഠ്യേതരവിഷയങ്ങളിലും ഒന്നിനൊന്നു മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. "വരുവിൻ, ചെരുവിൻ, നിങ്ങൾക്കും ഗ്രാഡ്വേറ്റ് ആകാം" എന്ന പദ്ധതി നമ്മുടെ പടിഞ്ഞാറെ കല്ലട പഞ്ചായത്ത് രാജ്യത്ത് ആദ്യമായി പുത്തൻ വിദ്യാഭാസവിപ്ലവത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ ലക്ഷ്യം പാതിവഴിയിൽ പഠനം നിന്നുപോയവരെ കണ്ടെത്തി അവരെ മുഴുവൻ ബിരുദധാരികളായി മാറ്റുക എന്നുള്ളതാണ്. ഇത് വിദ്യാഭ്യാസ മേഖലയിലെ ഒരു നൂതന ആശയവും മുന്നേറ്റവുമാണ്.

## മതസഹാർദം

പടിഞ്ഞാറെ കല്ലട എന്ന ഗ്രാമം ആരാധനാലയങ്ങളുടെയും മതസൗഹാർ-ദത്തിന്റേയും ഉത്തമ ഉദാഹരണമാണ്. ഹിന്ദുദേവാലയങ്ങളുടെ എണ്ണത്തിൽ ഈ കൊച്ചുഗ്രാമമായിരിക്കും ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് എന്നാണ് നിഗമനം. ഇത്ര കുടുംബങ്ങൾക്ക് ഒരു ദേവാലയം എന്നാണ് ഈ ഗ്രാമത്തിന്റെ പ്രത്യേകത. കൂടാതെ പടിഞ്ഞാറേകല്ലടയുടെ അതിപ്രശസ്തമായ കല്ലടവലിയപള്ളി മതസൗഹാർദത്തിന് ഉത്തമ ഉദാഹരണമാണ്. എന്തെന്നാൽ കല്ലടയുടെ അതിപുരാതന ക്ഷേത്രമായ ചിറ്റുമല്ല ദേവാലയവും കല്ലട വലിയപള്ളിയും ആചാരപരമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാതാണ് വസ്തുത. ചിറ്റുമല ഉത്സവം കൊടിയേറുന്നത് പള്ളിയിലെ കുതിര പ്രവേശിച്ചതിനു ശേഷമേ മറ്റു കുതിരകളെ എഴുന്നള്ളിക്കുവാൻ സാധിക്കുകയുള്ളു. ഇത് മതസൗഹാർദത്തിന്റെ ഉത്തമ ഉദാഹരണമാണ്. കൂടാതെ കല്ലട വലിയപള്ളിയിലെ ഒരുദിവസത്തെ പെരുന്നാൾ ക്രിസ്തുമതക്കാർക്കും ഒരു ദിവസത്തെ പെരുന്നാൾ ഹിന്ദുമതക്കാർക്കുമണ്. ഇതും മതസൗഹാർദത്തിന്റെ ഉത്തമ ഉദാഹരണമാണ്.

## നിഗമനം

എന്റെ ഗ്രാമമായ പടിഞ്ഞാറേകല്ലട കാർഷിക, ക്ഷീര വികസന മേഖലയിലും, വിനോദസഞ്ചാര മേഖലയിലും സാമ്പത്തികമായി വളരെയധികം ഉന്നതിയിലാണ്. മതസൗഹാർദത്തിന്റെ പേരിൽ ഏറ്റവും പ്രസക്തമായ ഒരു കൊച്ചുഗ്രമമാണ് പടിഞ്ഞാറേകല്ലട. ഇതിനെല്ലാം ഉത്തമ ഉദാഹരണമാണ് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ദീനദയാൽ ഉപാധ്യായ ശാസ്ത്രീകരണ പുരസ്കാരം. (പുരസ്ക്കാര തുക 15 ലക്ഷം രൂപ) പഞ്ചായത്ത് രാജ് ദിനമായ ഏപ്രിൽ 24 ന് ജമ്മുകശ്മീരിൽ വച്ച് ലഭിച്ചതും, വരുവിൻ ചെറുവിൻ നിങ്ങൾക്കും ഗ്രാഡ്വേറ്റ് ആകാം എന്ന പദ്ധതി, ഫ്ലോട്ടിങ്ങ് സൗരോർജ്ജ വൈദ്യുതനിലയം, ആദ്യ സമ്പൂർണ ഭരണഘടനസാക്ഷരത ഗ്രാമം എന്ന പുരസ്കാരനിറവ്, കൊല്ലം ജില്ലയിലെ പ്രകൃതി രാമണീയമായ പടിഞ്ഞാറെ കല്ലട എന്ന ഗ്രാമം ഉയർച്ചയുടെ പടവുകൾ കയറട്ടെ.

**ശിവമായ ആർ**
**X B**




# What is moon for me

What is the first thing that comes into your mind when you hear"moon"? For me moon is not just a satalite or some thing that gives us ligjt at the darky night. It is something special which makes me happy. When I am sad or at my worst it acts as a motivator, helper even more a listener for me. Actually the moon is the symbol of love for me. Just take it as best friend you will feel the same.  Every time when I miss someone I will look on it. I feel their presence that moment. I feel like they are also looking at the same moon as. I am looking. Sometimes I find peace while looking at the moon. For me the moon is a place which feel like home where I can talk us much as I can and also I feel like there is someone to act as my listner. Really "the Moon"is just awesome.


The symbol of love,life and eternity

Vaiga S

IX B



# നമ്മുടെ വിദ്യാലയം



മതിലുകൾക്കുള്ളിലെ ഒരുമയാം
സൗഹൃദം
എന്നെ പഠിപ്പിച്ചതാം
വിദ്യാലയം

നന്മയാം ചിന്തയും ബുദ്ധിയും പ്രവൃത്തിയും
എന്നെ പഠിപ്പിച്ചൊത്തം വിദ്യാലയം

മണിമുഴക്കത്തിനായി കാത്തിരിക്കുന്നവർ
പ്ലാവിലക്കഞ്ഞിക്കായി ഓടുന്ന നിമിഷവും

നമ്മെ പഠിപ്പിച്ച പുസ്തക പാഠവും
നമുക്കായി കാണുന്ന ഭാവികാലങ്ങളും

നന്മയും തിന്മയുമറിയുന്ന അധ്യാപകർ
നന്മയാം ഭാഗത്തു ചൂണ്ടുന്ന വിരലുകൾ

എൻ ലക്ഷ്യത്തിൽ എത്തിക്കാനായ്
എതുമാർഗവും തേടുമെൻ വിദ്യാലയം


ലക്ഷ്യത്തിലെത്തി ഞാൻ താഴേക്കു നോക്കുമ്പോൾ
ഓർമ്മ ചെപ്പുമായ് കാണുമെൻ വിദ്യാലയം

അലൻ സി സനൽ
X A

# ദേവനാരായണന്റെ ലോകം
VII B













# അമ്മ

സ്നേഹമെന്ന സമുദ്രത്തിന്റെ
ദേവതയാണെന്റെ അമ്മ

ഇരുകൈകളും കൊണ്ടെന്നെ തലോടി

നെറുകയിൽ അനുഗ്രഹം ചൊരിയുന്ന

സ്നേഹക്കടലാണെൻ അമ്മ

ഈശ്വരൻ പ്രതിരൂപമായി ഇരുളിൽ

നിന്നുമെന്നെ

തൂവെളിച്ചത്തിലേക്ക് നയിക്കുന്ന

സൂര്യകിരണങ്ങളാണെൻ അമ്മ

ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ

കടലിലെ ഓളങ്ങൾ പോലെ

അനന്തമാണെൻ അമ്മതൻ സ്നേഹം

ആ സ്നേഹ സ്വാന്തനത്തിന്റെ

തണലാകുന്ന കുളിരാണ്

എനിക്കെന്നും അഭയം

അഭയദേവതേ നീയാണ് എനിക്കഭയം



# Digital safety

## Introduction

The digital technologies in general and the internet in particular are changing the way we live, work, learn and socialize. It is exciting to see the internet making the world a better place. It has gradually moved beyond an educational and research and has been transformed into a commerce and health care juggernaut accessible to anyone anywhere anytime. The internet has provided many important services accessible to anyone with a connection .There is almost no limit to what one can do on the internet. The internet is a wonderful place for learning socializing and entertainment but it is also the home to certain risks and such as malv care spam, and phihing. It can cause dangers if precautions are not taken .Unsafe surfing can also lead to the other threats.



Today children use tablets,laptops and smartphones at school and at home. They learn virtually watch YouTube, play games, do research, communicate with teachers and other children.As a result they have more information at their fingertips than any generation before.

As the number of internet users continuous to grow around the world, governments organizations and parents are concerned about the online safety of children and teenagers .This has led to various regulation. Like the children's online privacy protection Act (COPPA) to protect children when online.

## *What is Digital Safety?*

As people are eager to use mobile solutions that facilitate anywhere /anytime access cyber criminals are constantly looking far ways to capitalise on this trend by taking advantage of unsecure wireless networks. Digital safety is learning how to safeguard your privacy and protect your self from predators as we connect in this new digital age. Digital safety, online safety, e-safety or cyber safety. It may include being aware of the risks associated with online activities and employing some strategies to prevent the risks or threats. Common threats to online safety include.

Nivedhya.A

IX B

# മികവ്





## ബാലകലോത്സവം

താലൂക്ക്തല ലൈബ്രറി കൗൺസിൽ ബാലകലോത്സവം പ്രസംഗ മത്സരത്തിൽ ശിവമായക്ക് ഒന്നാം സ്ഥാനം.



സംസ്ഥാന ലൈബ്രറി കൗൺസിൽ കഴിഞ്ഞ ദിവസം ആയിക്കുന്നം ഗവ.യു.പി.സ്കൂളിൽ വച്ച് സംഘടിപ്പിച്ച താലൂക്ക് തല ബാലകലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗ പ്രസംഗ മത്സരത്തിൽ പങ്കെടുത്ത നമ്മുടെ സ്കൂളിലെ പ്രിയ വിദ്യാർത്ഥിനി കുമാരി. ശിവമായ ഒന്നാം സ്ഥാനം നേടി അഭിമാനമായി.

നിരവധി മത്സരങ്ങളിൽ പങ്കെടുത്ത് ഒട്ടനവധി സമ്മാനങ്ങൾ വാരിക്കൂട്ടിയ നമ്മുടെ സ്കൂളിൻ്റെ അഭിമാന താരം കുമാരി. ശിവമായയ്ക്ക് ഹൃദ്യമായ അഭിനന്ദനങ്ങളും ആശംസകളും പങ്കു വയ്ക്കുന്നു.

## അക്ഷരമുറ്റം ക്വിസ് മത്സരം.

HS, UP വിഭാഗം ഒന്നാം സ്ഥാനം വെസ്റ്റ് - കല്ലട ഗവ.ഹയർ സെക്കൻഡറി സ്കൂളിന്




ദേശാഭിമാനി സംഘടിപ്പിച്ച അക്ഷരമുറ്റം സബ് ജില്ലാ തല ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം ഹൈ സ്കൂൾ വിഭാഗത്തിൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥി യായ കാശിനാഥ് .എസ് , UP വിഭാഗത്തിൽ ഏഴാം ക്ലാസ്സിലെ നിള. ആർ എന്നിവർ കരസ്ഥമാക്കി.

പ്രാദേശിക-ജില്ലാ തലത്തിലും സംസ്ഥാന

## *മധുരം മലയാളം പദ്ധതി*



മാതൃഭൂമി മധുരം മലയാളം പദ്ധതി വെസ്റ്റ് കല്ലട ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ തൃച്ചെങ്ങന്നൂർ ബ്രാഹ്മണസഭ കല്ലട മേഖലാ പ്രതിനിധികളുടെ സഹകരണത്തോടെ നടപ്പിലാക്കി. മുൻ മാതൃഭൂമി ഡെപ്യൂട്ടി ചീഫ് റിട്ട. ശ്രീ. നന്ദകുമാർ സർ, ശ്രീ.സൂര്യനാരായണ ഭട്ടതിരി കല്ലട Kv പവനൻ മറ്റ് പ്രതിനിധികൾ, പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.കെ.സുധീർ, HM ശ്രീ.സണ്ണി സാർ, PTA പ്രസിഡൻ്റ് ശ്രീ.ബി.രമേശൻ, അധ്യാപകർ കുട്ടികൾ എന്നിവർ പങ്കെടുത്തു.

## *NMMS വിജയി കീർത്തന സുരേഷിന് അഭിനന്ദനങ്ങൾ...*



2022-23 വർഷത്തെ 8 ആം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള 48000/- രൂപയുടെ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പിനുള്ള NMMS ( National Means cum Merit Scholarship) പരീക്ഷയിൽ പടിഞ്ഞാറെ കല്ലട ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ നിന്നും കീർത്തന സുരേഷ് അർഹയായി

പടിഞ്ഞാറെ കല്ലട നടുവിലക്കര കീർത്തന ഭവനിൽ ശ്രീ.സുരേഷ് ന്റെയും ശ്രീമതി.ലേഖ സുരേഷ് ന്റെയും മകളായ കുമാരി കീർത്തന നെൽപ്പുരക്കുന്ന് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനി യാണ്..

കൊട്ടാരക്കര ഡയറ്റിൽ വച്ച് നടത്തിയ steps പരീക്ഷയിൽ സംസ്ഥാനതലത്തിലേക്ക് സെലക്ഷൻ കിട്ടിയ നിളയ്ക്ക് അഭിനന്ദനങ്ങൾ.



# കായികരംഗത്തും

## പടിഞ്ഞാറെ കല്ലട GHSS ന് ജില്ലാതല സബ് ജൂനിയർ ഷട്ടിൽ മത്സരത്തിൽ രണ്ടാം സ്ഥാനം.

ഇന്ന് ചാത്തന്നൂരിൽ വച്ച് നടന്ന ജില്ലാ സ്കൂൾ ഷട്ടിൽ മത്സരത്തിൽ സബ് ജൂനിയർ വിഭാഗത്തിൽ നമ്മുടെ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികളായ ആദിനാഥ് , അദ്വൈത് , കാർത്തിക് എന്നിവർ ചേർന്ന ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ചരിത്ര വിജയനേടി നമ്മുടെ വിദ്യാലയത്തിന്റെ യശ്ശസ് ഉയർത്തിയ പ്രിയ വിദ്യാർത്ഥികൾക്കും പരിശീലകരായ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ



കൊല്ലം ജില്ലാ സ്കൂൾ സ്പോർട്സിൽ വെസ്റ്റ് കല്ലട സ്കൂളിലെ മോസസ് ബിനു വർഗീസ് സബ്ജൂനിയർ ഷോട്ട്പുട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി സംസ്ഥാന മത്സരത്തിന് യോഗ്യത നേടി. സൂര്യനാരായൺ സബ് ജൂനിയർ വിഭാഗം ഹൈജമ്പിൽ മൂന്നാം സ്ഥാനം നേടി അഭിനന്ദനങ്ങൾ




മോസസ് ബിനു




സൂര്യനാരായൺ




## സംസ്ഥാനതലങ്ങളി ലേയ്ക്കും

ജില്ലാ മത്സരത്തിലും സബ്ജില്ലാ മത്സരത്തിലും ഹാമർ ത്രോയിൽ ഒന്നാം സ്ഥാനം നേടിയ മോസസ് തൃശ്ശൂരിൽ നടക്കുന്ന സംസ്ഥാന സ്കൂ കായികമേളയിൽ വെസ്റ്റ് കല്ലട പ്രതിനീകരിച്ചുപങ്കെടുക്കും.








വെസ്റ്റ് കല്ലട ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ എസ്.പി.സി സീനിയർ കേഡറ്റ് അഭയ്.വി.എസ്. നെൽപുരക്കുന്ന് സ്കൂളിൻ്റെ അഭിമാനതാരവും




# ഇൻഡോർ ഫിറ്റ്നസ് പാർക്ക്

പടിഞ്ഞാറെ കല്ലട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളിലെ പഠനമികവിനൊപ്പം ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം ജില്ല പഞ്ചായത്ത് 2022 - 23 പദ്ധതി പ്രകാരം സ്കൂളിൽ സ്ഥാപിച്ച ഇൻഡോർ ഫിറ്റ്നെസ് പാർക്കിന്റെ ഉദ്ഘാടനംബഹുമാനപ്പെട്ട കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ.പി.കെ.ഗോപൻ നിർവഹിച്ചു.ഇൻഡോർ ഫിറ്റ്നെസ് പാർക്ക് അനുവദിച്ച കൊല്ലം ജില്ലാ പഞ്ചായത്തിന് അഭിനന്ദനങ്ങൾ










# Quotes

The book you don't read won't help.....

- Jim Rohn

If we encounter a man of rare intellect. we should ask him what book he read?

- Ralph Waldo Emerson

A book is a gift you can open again & again

- Garrison Keillon

17

"Quotes Everywhe

The fool think he is wise, But the wise man knows himself to be cool
- William shakesphere

" One of the greatest gifts adults can give to their offspring and to their society is to read books to children
- Carl Sagan

Love all trust a few, Do wrong to none
- William shakesphere

'A man who doesn't think for himself doesn't think at all
- Oscar Wilde

_Aryanandha.

18


THANK YOU!